# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4064 | 26.06.2013-ൽ മറുപടിയ്ക്ക്

### കുഴൽകിണർ നിർമ്മാണം

| ചോദ്യം<br>ശ്രീ. എ.എ. അസീസ് | | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|---|
| എ) ഭൂജല വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിന് എത്ര മെഷീനുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും എത്ര എണ്ണം പ്രവർത്തിക്കുന്നില്ല എന്നും വ്യക്തമാക്കുമോ ; | എ) | ഭൂജല വകുപ്പിൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ കുഴൽ കിണർ കുഴിക്കുന്ന 4 മെഷിനുകളും 1 ഫിൽറ്റർ പോയിന്റ് നിർമ്മാണ യൂണിറ്റുമാണ് നിലവിലുള്ളത്. ഇതിൽ 3 കുഴൽ കിണർ നിർമ്മാണ മെഷീനുകളും 1 ഫിൽറ്റർപോയിന്റ് യൂണിറ്റും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഒരു കുഴൽ കിണർ നിർമ്മാണ യന്ത്രം കംപ്രസർ യൂണിറ്റിന്റെ അഭാവം മൂലം മുഴുവൻ സമയവും പ്രവർത്തന സജ്ജമല്ല. |
| ബി) പ്രവർത്തിക്കാത്തവ അടിയന്തിരമായി പ്രവർത്തന ക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ ; | ബി) | കംപ്രസർ വാങ്ങിക്കാനുള്ള നടപടികൾ തുടരുന്നുണ്ട്. |
| സി) ഭൂജല വകുപ്പ് കുഴൽകിണർ കുഴിക്കുന്നതിന് പ്രൈവറ്റ് മെഷീനുകൾ ഉപയോഗിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ഇപ്രകാരം ഉപയോഗിക്കുന്നു ; | സി) | അടിയന്തിരമായി ഏറ്റെടുക്കേണ്ട വരൾച്ചാ ദുരിതാശ്വാസം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ സ്വകാര്യ ഏജൻസികളെ ആശ്രയിക്കാറുള്ളു. |
| ഡി) 2013 ഏപ്രിൽ, മെയ് മാസങ്ങളിലായി പ്രൈവറ്റ് മെഷീനുകൾക്ക് വകുപ്പ് എത്ര തുകയാണ് നൽകിയത്; | ഡി) | ഭൂജല വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസ് 18,82,672/- രൂപ ചെലവഴിച്ചു. |

| | | |
|---|---|---|
| ഇ) | സർക്കാർ ഖജനാവിന് ഭീമമായ നഷ്ടം ഉണ്ടാക്കുന്ന പ്രൈവറ്റ് മെഷീനുകൾ വഴിയുള്ള കുഴൽ കിണർ നിർമ്മാണം അവസാനിപ്പിച്ച് വകുപ്പിന്റെ മെഷീനുകൾ അറ്റകുറ്റപ്പണി നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുമോ? | ഇ) ഭൂജല വകുപ്പിന്റെ മെഷിനറികളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ